# ബിഷപ് കുര്യാളശേരിയുടെ ഭൗതികാവശിഷ്ടം പരിശോധിച്ചു

ചങ്ങനാശേരി: ദൈവദാസൻ ബിഷപ് തോമസ് കുര്യാളശേരിയുടെ ഭൗതികാവശിഷ്ടം മെത്രാപ്പോലീത്തൻ പള്ളിയിലെ മദ്ബഹയിലുള്ള കല്ലറയിൽനിന്ന് ആർച്ച്ബിഷപ് മാർ ജോസഫ് പൗവ്വത്തിലിൻെറ നേതൃത്വത്തിൽ അതിരൂപതാ കമ്മീഷൻഅംഗങ്ങളുടെയും മൂന്നു ഡോക്ടർമാരുടെയും സാന്നിദ്ധ്യത്തിൽ പുറത്തെടുത്തു പരിശോധിച്ചു.

അസ്ഥികളും തലയോട്ടിയും പരിശോധനയ്ക്കുശേഷം ശുദ്ധീകരിച്ചു പ്രത്യേക പായ്ക്കറ്റുകളിൽ അടക്കുചെയ്തു പേടകത്തിലാക്കി.

വൈകിട്ട് അഞ്ചു മണിയോടെ പേടകം ആർച്ച്ബിഷപ്സ് ഹൗസിൽ എത്തിച്ചു.

ഇവിടെ ഇതു കേടുകൂടാതെ സൂക്ഷിച്ച് ഏതാനുംദിവസത്തിനുള്ളിൽ മെത്രാപ്പോലീത്തൻപള്ളിയിലെ ദൈവദാസൻെറ അതേ കല്ലറയിൽതന്നെ പ്രത്യേക കബറടക്കശുശ്രൂഷകളോടുകൂടി സംസ്കരിക്കുന്നതാണെന്നു മെത്രാപ്പോലീത്തൻ പള്ളിവികാരി അറിയിച്ചു.

റോമിൽ 1925 ജൂൺ 2-നു കാലം ചെയ്ത ബിഷപ് കുര്യാളശേരിയുടെ ഭൗതികാവശിഷ്ടം 1935 ജൂലൈ 25-നാണ് ഇവിടെ കൊണ്ടുവന്നു മെത്രാപ്പോലീത്തൻപള്ളിയിൽ സംസ്കരിച്ചത്.

ഇന്നലെ നടന്ന ചടങ്ങുകൾ കാനോനികമല്ലെങ്കിലും, ദൈവദാസനെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതിനുള്ള പ്രാഥമിക നടപടികളുടെ ഭാഗമാണ്.